# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3866 11/11/2019-ൽ മറുപടിക്ക്

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്ക് എൻ.എച്ച്.എം.- ൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആരോഗ്യകിരണം, ആർ.എസ്.ബി.വൈ., ജെ.എസ്.എസ്.കെ., ജെ.എസ്.എസ്.കെ. - നിയോനാറ്റ്സ് എന്നീ പദ്ധതികൾ പ്രകാരം എച്ച്.എം.സി. യ്ക്ക് ലഭിക്കേണ്ട ഒരു കോടി മുപ്പത്തി രണ്ട് ലക്ഷം രൂപ എൻ.എച്ച്.എം. - ൽ നിന്നും ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | എ) | RSBY ഫണ്ട് ആരോഗ്യ സ്ഥാപനങ്ങളാണ് മെയിന്റയിൻ ചെയ്യുന്നത്. JSSK പദ്ധതിക്കുള്ള 23,19,250/- രൂപ 15.10.2019 ന Hospital Management Committee ക്ക് കൈമാറിയിട്ടുണ്ട്. RBSK, ആരോഗ്യകിരണം മുതലായ പദ്ധതികൾക്കുള്ള ഫണ്ട് ജില്ലകൾക്ക് അനുവദിച്ചുകൊണ്ടുള്ള സംസ്ഥാന മിഷൻ ഡയറക്ടറുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ധനകാര്യ വകുപ്പിന്റെ ക്ലിയറൻസ് ലഭിക്കുന്ന മുറക്ക് ആയത് ആശുപത്രികൾക്ക് നൽകുന്നതാണ്. |
| ബി) | എൻ.എച്ച്.എം.- ൽ നിന്നും ലഭിക്കേണ്ട ഒരു കോടി മുപ്പത്തി രണ്ട് ലക്ഷം രൂപ ആശുപത്രിയ്ക്ക് ലഭിക്കാത്തതിനാൽ, ലാബിലേയ്ക്ക് ആവശ്യമായ കെമിക്കൽ, ശുചീകരണ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും, എച്ച്.എം.സി.- ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | എൻ.എച്ച്.എം.- ൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക ആശുപത്രിയ്ക്ക് ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | സി) | RBSK, ആരോഗ്യകിരണം മുതലായ പദ്ധതികൾക്കുള്ള ജില്ലകൾക്ക് ഫണ്ട് അനുവദിച്ചുള്ള സംസ്ഥാന മിഷൻ ഡയറക്ടറുടെ ഉത്തരവ് പ്രകാരമുള്ള ഫണ്ട് ധനകാര്യ വകുപ്പിന്റെ വെയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് ലഭ്യമാക്കി മുറയ്ക്ക് അത് ജില്ലകൾക്കും അതത് ആശുപത്രികൾക്കും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ